സംയോജിത ഗ്രാമവികസന പരിപാടിയുടെ ഗുണഭോക്താക്കളുടെ പ്രതിനിധികളും അടങ്ങുന്ന സംഘടനകളും ഗ്രാമതലത്തിലും ബ്ലോക്കു തലത്തിലും രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ സ്ഥിരപ്പെടുത്താൻ നടപടി

318 [348] ശ്രീ. കെ. മൂസക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസനവകുപ്പിൽ എൽ.വി ഇ.ഒ. മാരായി താൽക്കാലിക നിയമനം ലഭിച്ച് സർവീസിൽ തുടരാൻ അനുവദിക്കപ്പെട്ട വികലാംഗരെ സർവീസിൽ റഗുലറൈസ് ചെയ്തിട്ടുണ്ടോ;

(ബി) റഗുലറൈസ് ചെയ്യുന്നതു സംബന്ധിച്ച് ജില്ലാ കളക്ടർമാർ ഗവൺമെന്റിലേക്ക് അയച്ച ശുപാർശയിൻമേൽ നാളിതുവരെ തീരുമാനമാകാത്തതിന്റെ കാരണമെന്താണ്?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിൽ 15 വികലാംഗ എൽ.വി.ഇ.ഒ. മാർ ജോലിനോക്കിവരുകയാണ്. അവരുടെ സർവീസ് റഗുലറൈസ് ചെയ്യുന്നതിന്റെ മുന്നോടിയായി അവർക്ക് പ്രീ-സർവീസസ് ട്രെയിനിംഗ് നൽകാനുള്ള നടപടികളും എടുത്തുവരികയാണ്. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നതനുസരിച്ച് സർവീസ് റഗുലറൈസ് ചെയ്യുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

1985-86 സാമ്പത്തികവർഷത്തിൽ ഗ്രാമവികസനവകുപ്പിന് ലഭിച്ച കേന്ദ്ര സഹായം

319 [349] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1985-86 സാമ്പത്തിക വർഷത്തിൽ ഗ്രാമവികസനവകുപ്പിന് കേന്ദ്രത്തിൽനിന്നും ലഭിച്ച തുക എത്ര?

ഉത്തരം

44.65 കോടി രൂപയാണ് 1985-86 സാമ്പത്തിക വർഷത്തിൽ ഗ്രാമവികസനവകുപ്പിന് കേന്ദ്രത്തിൽനിന്നും ലഭിച്ചത്.

1985-86-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമവികസന വകുപ്പിന് ലഭിച്ച തുക

320 [350] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1985-86-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമവികസനവകുപ്പിന് ലഭിച്ച തുക എത്ര?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1985-86-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമവികസനവകുപ്പിന് 230 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ശദ്ധ ക്ഷണിക്കൽ

(1) ഇടുക്കി ജില്ലയിലെ ഹാരിസൺ മലയാളം കമ്പനിവക സൂര്യനെല്ലി എസ്റ്റേറ്റിലെ പണിമുടക്ക്

ശ്രീ. ജി. വരദൻ: സർ, ഇടുക്കി ജില്ലാവിൽ ഉടുമ്പൻചോല താലൂകാവിൽ ഹാരിസാൻ മലയാളം കമ്പെനി വകെ സൂരിയനെല്ലി എസ്റ്റേറ്റിൽ കടന്ത മേ മാതം 5-ാം തിയതി മുതൽ 3100 തൊഴിലാളികൾ വേലെ നിറുത്തത്തിൽ പങ്കു കൊട്ടിരുക്കിറ്റുർകൾ. വേലെ നിറുത്തതിക്തിറ്റു കാരണം കുണ്ടുമലെ ഡിവിഷൻ അസിസ്ടൻറു മേനേജർ 12 വയതാന ഒരു സിറുവനെ അടിക്കവും അതെ മുൻനിട്ടു അങ്കുള്ള തൊഴിലാളർകൾ ഒൻറു സേർന്തു ഇവ്വാറു അടിത്തതു തവറു എൻറു സൊൻറുർകൾ. അതെ തൊടർന്തു തൊഴിലാളർകൾ 8 മണി നേരം വേലെ സെയ്യ വേൺടുമെൻറ സട്ടം ഇരുക്കുമ്പോതു 9 മണി നേരം വേലെ സെയ്യ് വേൺടുമെൻറു മേനേജ്മെൺടു കട്ടായപ് പടുത്തിയതു. അപ്പടി സെയ്യ മുടിയാതു എൻറു സൊൻന വർകളെ വേലെയിലിരുന്തു നീക്കുവതർകു കൊടുരമാന നടവടിക് കൈകൾ മേനേജ്മെൺടു എടുക്കപ്പട്ടതു. തൊഴിലാളർ കളുക്കു കായ്കറി തോട്ടങ്കളീ ഇരുക്കലാം, സൊന്തമാന പശുക്കളെ വളർത്തലാം എൻറെല്ലാം പ്ലാൺടേഷൻ ആക്ടിൽ ഇരുന്തപോതും സൂരിയനെല്ലി മേനേജ്മെൺടു തൊഴിലാളർകൾ പെയരിൽ കടുമൈയാന നടവടിക്കൈകൾ എടുക്കപ്പട്ടിരുക്കിറതു. ഇന്ത നടവടിക്കൈ എടുക്കപ്പട്ടതൻ മൂലമാക, കടുമൈയാക ഉഴൈക്കക് കൂടിയ പാട്ടാളി ഇനത്തൈച് സേർന്ത ഏഴൈ തൊഴിലാളർകൾ 8 മണിയിലിരുന്തു 5 മിനിട് താമതമാക വന്താൽ അവർകളുക്കു വേലൈ കിടൈയാതു. ഹാരിസൻ മലയാളം കമ്പെനി അങ്കുള്ള തൊഴിലാളർകൾ മീതു കടുമൈയാന നടവടിക്കൈകൾ എടുത്തു കൊൺടിരുക്കിറതു. നമതു അമൈച്ചർ അവർകൾ ഒരു കാൺപിരൻസ് നട്ത്തിനർ.

LIBRARY ARCHIVES Kerala Legislative Assembly